I ഇ.ബി. XIV - കേരള നിയമസഭ /IX-9

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 05, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

### നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന

മി. സ്പീക്കർ: നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടൽ നടത്താത്തതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, കെ. എൻ. എ. ഖാദർ,

അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. പുതുതായി മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ഉത്സവച്ചന്തകളും തുറന്ന് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് കൂടുതൽ തുക അനുവദിക്കുകയും മുൻകാലഘട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായി നിരവധി ഉല്പന്നങ്ങളുടെ വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ ന്യായവിലയ്ക്ക് സപ്ലൈകോ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ധനവില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ വിലക്കുറവിൽ കേരളത്തിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.നടപ്പാക്കിയതുമൂലം ബ്രാൻഡഡ് അരിക്ക് വില വർദ്ധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് അരിവില വർദ്ധിക്കാതിരിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: അവശ്യസാധനങ്ങളുടെ വില വർദ്ധനവിനെ നിസ്സാരവൽക്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇന്ധനവില അടിക്കടി

വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നടപടിയും അതിലൂടെ ലഭ്യമാകുന്ന അധിക നികുതി വേണ്ടെന്നുവയ്ക്കാൻ തയ്യാറാകാത്ത സംസ്ഥാന സർക്കാരിന്റെ നടപടിയും ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ഇന്ധനവിലയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന അധിക വരുമാനം നാല് തവണ വേണ്ടന്നു വയ്ക്കാൻ തയ്യാറായ മുൻ യു.ഡി.എഫ്. സർക്കാരിന്റെ സമീപനം മാതൃകാപരമാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനും റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയും മറ്റ് സാധനങ്ങളും മറിച്ചുവിൽക്കുന്നതിനും കച്ചവടക്കാർക്കും ഇടനിലക്കാർക്കും ഒത്താശ ചെയ്യുന്ന നടപടികളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉത്സവകാലങ്ങളിൽപ്പോലും വില നിയന്ത്രിക്കാനോ പൊതുവിപണിയിൽ ജനങ്ങൾക്ക് ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവുമൂലം സംജാതമായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ)</u>: സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രണവിധേയമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ടി.-യുടെ മറവിൽ ബ്രാൻഡഡ് അരിയുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ച് വില്പന നടത്തിയ ഷോപ്പിംഗ് മാളുകളിൽ ലീഗൽ

മെട്രോളജി വിഭാഗം പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തിയ ഷോപ്പുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ വിതരണത്തിൽ ഇടനിലക്കാരെ ഒഴിവാക്കാനും വാതിൽപ്പടി വിതരണം ഫലപ്രദമായി നടപ്പാക്കാനും സാധിച്ചു. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിപണിയിടപെടലിനും ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലും അവശ്യസാധനങ്ങൾ ലഭ്യമാക്കി ന്യായ വിലയ്ക്ക് ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) പങ്കാളിത്ത പെൻഷൻ പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ: 2013 ഫെബ്രുവരി മാസം മുതൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക-നിയമ പ്രശ്നങ്ങൾ സംബന്ധിച്ച് വേണ്ടത്ര ചർച്ചയോ പഠനമോ നടത്തിയിട്ടില്ല. കേരളത്തിൽ ഒരേസമയം സ്റ്റാറ്റ്യൂട്ടറി പെൻഷനും പങ്കാളിത്ത പെൻഷനും നിലനിൽക്കുന്നത് സാമൂഹ്യ-സാമ്പത്തിക അസമത്വം സൃഷ്ടിക്കും. പങ്കാളിത്ത പെൻഷൻ പദ്ധതിക്കായി ജീവനക്കാരിൽ നിന്നും ഈടാക്കുന്ന 10 ശതമാനം തുകയും സർക്കാർ നിക്ഷേപിക്കുന്ന 10 ശതമാനം തുകയും ഓഹരി കമ്പോളത്തിൽ നിക്ഷേപിക്കുന്നത് സർക്കാരിന് സാമ്പത്തിക വിഷമതകൾ ഉണ്ടാക്കുമെന്നതിനാൽ ട്രഷറി വഴി നടപ്പാക്കി സുരക്ഷിതത്വം ഉറപ്പാക്കണം. പ്രസ്തുത പദ്ധതി സംബന്ധിച്ച് ജീവനക്കാരുമായി ചർച്ച ചെയ്ത് ആശങ്കകൾ പരിഹരിക്കാനും സമഗ്രമായ പഠനത്തിനുമായി കാലാവധി നിശ്ചയിച്ച് ഒരു കമ്മീഷനെ നിയമിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം.തോമസ് ഐസക്): PFRDA

ആക്ടിന്റെ അടിസ്ഥാനത്തിലാണ് 2013 മുതൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയത്. വിവിധ വകുപ്പുകളിലായി പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള 65692 പേരുടെ സർക്കാർ വിഹിതമായി 370 കോടി രൂപ അടച്ചിട്ടുണ്ട്. ട്രഷറിയിൽ നിക്ഷേപിക്കേണ്ട പണം മറ്റു ഫണ്ടുകളിലേയ്ക്ക് പോകുന്നതും രണ്ട് തരം പെൻഷൻകാരെ സൃഷ്ടിക്കുമെന്നതിനെ സംബന്ധിച്ചുമുള്ള സമഗ്ര പഠനത്തിനായി കാലാവധി നിശ്ചയിച്ച് ഒരു കമ്മീഷനെ നിയോഗിക്കാവുന്നതാണ്.

## (2) ഫാക്ടിന്റെ പുനരുദ്ധാരണം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഫാക്ടിന്റെ പുനരുദ്ധാരണവും വികസനവും സാദ്ധ്യമാക്കുന്നതിന് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നേരിട്ട് ചർച്ച ചെയ്യണം. കേന്ദ്ര ബഡ്ജറ്റിൽ തുക വകകൊള്ളിക്കാതെ നീതി ആയോഗ് വഴി ഈ സ്ഥാപനം വിൽക്കാനുള്ള ഗൂഢമായ നീക്കത്തിനെതിരെ കേരളം ഒറ്റക്കെട്ടായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. നിലവിലെ സഞ്ചിത നഷ്ടം ഇക്വിറ്റി ഷെയറാക്കി മാറ്റാനും 1774 കോടി രൂപയുടെ ബാദ്ധ്യത ഓഹരി മൂലധനമാക്കാനും നടപടി സ്വീകരിക്കണം. യൂറിയ പ്ലാന്റിന് പ്രവർത്തനാനുമതി നൽകുകയും കാപ്രോലാക്ടം പ്ലാന്റിൽ റീ-

പ്രൊഡക്ഷൻ ആരംഭിക്കുകയും ത്രികക്ഷി കരാർ പ്രകാരമുള്ള ജീവനക്കാരുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തുകയും ചെയ്യണം. ഇതുസംബന്ധിച്ച് കേരള നിയമസഭ പ്രമേയം പാസ്സാക്കണം. ഭൂമി വിൽപ്പനയുമായി ബന്ധപ്പെട്ട് നൽകാനുള്ള 1000 കോടി രൂപ നേരിട്ട് ഫാക്ടിന് നൽകുകയും ഫാക്ടിന്റെ സ്ഥലം ഏറ്റെടുത്ത് പൊതുമേഖലാ വ്യവസായങ്ങളുടെ വികസനത്തിന് ഉപയോഗിക്കുമോയെന്ന കാര്യം വ്യക്തമാക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫാക്ടിനെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നു. പുനരുദ്ധാരണത്തിനായി കമ്പനി ദീർഘകാല ഫിനാൻഷ്യൽ റീ-സ്ട്രക്ച്ചറിംഗ് പാക്കേജ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും വായ്പാ ഇനത്തിലും പലിശ ഇനത്തിലും നൽകാനുള്ള തുക എഴുതിത്തള്ളണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ട് സ്വകാര്യവൽക്കരണ നയം പുന:പരിശോധിക്കണമെന്നും പൊതുമേഖലയിൽ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പനി ഉപയോഗിക്കാത്ത ഭൂമി പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് കൈമാറാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലവില നിർണ്ണയിക്കുകയും

ധാരണാ പത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഭൂമി വിൽപ്പനയിലൂടെ ലഭ്യമാകുന്ന തുക ഫാക്ടിന്റെ കടബാദ്ധ്യത തീർക്കാനും നികുതി അടയ്ക്കാനുമാണ് വിനിയോഗിച്ചത്. വികസന സാദ്ധ്യതയും തൊഴിലാളികളുടെ താൽപര്യവും കണക്കിലെടുത്ത് ഭൂമിയുടെ വില പൂർണ്ണമായും കമ്പനിയുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കാൻ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്ന് പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. റീ-ഗ്യാസിഫൈഡ് ലിക്വിഫൈഡ് നാച്വറൽ ഗ്യാസിന് 2015 മുതൽ സംസ്ഥാനം വാറ്റ് നികുതിയിൽ ഇളവ് അനുവദിക്കുകയും 2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 30.46 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഭൂമി വിൽപ്പനയോടനുബന്ധിച്ചുള്ള നികുതി ഒഴിവാക്കുന്നതിന് ഇളവുകൾ സാദ്ധ്യമാണോയെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. 12 ലക്ഷം ടൺ യൂറിയ പ്ലാന്റ് സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ 5 ലക്ഷം ടൺ യൂറിയ പ്ലാന്റ് സ്ഥാപിക്കാമെന്ന അനുകൂല നിലപാടിലേയ്ക്ക് കേന്ദ്ര സർക്കാർ എത്തിച്ചേർന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി അമോണിയ പ്ലാന്റിനോടൊപ്പം ഏകദേശം 1300 കോടി രൂപ മുതൽമുടക്കുള്ള യൂറിയ പ്ലാന്റും സ്ഥാപിക്കാൻ ഫാക്ടിന് പദ്ധതിയുണ്ട്. കേന്ദ്രത്തിന്റെ ഇറക്കുമതി നയംമൂലം നിർത്തലാക്കിയ കാപ്രോലാക്ടം പ്ലാന്റിന്റെ

പ്രവർത്തനം പുനരാരംഭിക്കണം. കേരളത്തിൽ എൽ.എൻ.ജി.യുടെ ഉപയോഗം വ്യാപകമാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

III **സബ്മിഷൻ**

(1) എണ്ണ സംഭരണ ശാല

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ മണ്ഡലത്തിലെ പുഞ്ചക്കാട് എണ്ണ സംഭരണ ശാല ജനവാസകേന്ദ്രങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പയ്യന്നൂർ-പുഞ്ചക്കാട് പെട്രോളിയം സംഭരണ ശാല തുടങ്ങുന്നതിനായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും അംഗീകാരം നേടിയിട്ടുണ്ട്. എണ്ണ സംഭരണ ശാലകൾ സ്ഥാപിക്കുന്നതിന് ഓയിൽ ഇൻഡസ്ട്രീസ് സേഫ്റ്റി ഡയറക്ടറേറ്റ്, പെട്രോളിയം & എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ അനുമതിയും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിൽ നിന്നും സുരക്ഷ സംബന്ധിച്ച സൈറ്റ് അപ്രൈസലും ആവശ്യമാണ്. ഭൂഉടമകളുടെ സമ്മതത്തോടെയും നിലവിലെ

നിയമപ്രകാരമുള്ള പുനരധിവാസ-നഷ്ടപരിഹാര നടപടികളിലൂടെയും മാത്രമേ ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിതികാഘാത പഠനം നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ തെളിവെടുപ്പുയോഗം നടത്തുകയും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് സംബന്ധിച്ച് എതിർപ്പുകളുണ്ടായതിന്റെ അടിസ്ഥാനത്താൽ പുതിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

(2) <u>നിയമ നിർമ്മാണം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): റോഡ് അപകടങ്ങളിൽപ്പെടുന്ന ജനങ്ങളെ രക്ഷിക്കാൻ ശ്രമിക്കുന്നവരെ നിയമക്കുരുക്കിൽ നിന്നും സംരക്ഷിക്കാനും സിവിൽ-ക്രിമിനൽ നടപടികളുണ്ടാകാതിരിക്കാനും കർണ്ണാടകത്തിലേതുപോലെ കേരളത്തിലും നിയമനിർമ്മാണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ഇന്ന് മെച്ചപ്പെട്ട ചികിത്സ ലഭ്യമാണ്. ടി അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ പൊതു-സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

പരിക്കേറ്റവരെ വിദഗ്ധ ചികിത്സയ്ക്കായി ട്രോമാകെയർ സംവിധാനമുള്ള ആശുപത്രികളിലെത്തിക്കുന്നതിന് സംസ്ഥാന വ്യാപകമായി ആംബുലൻസ് സർവ്വീസ് ലഭ്യമാക്കാൻ ഇ-നെറ്റ്‌വർക്ക് ശൃംഖലയ്ക്ക് രൂപം നൽകുന്നതാണ്. 2015-ൽ കേന്ദ്ര ഹൈവേ റോഡ് ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരവും 2016-ലെ സുപ്രീംകോടതി നിർദ്ദേശങ്ങളനുസരിച്ചും പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് യാതൊരുവിധ നിയമനടപടികളും നേരിടേണ്ടിവരില്ല. ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പോലീസിൽനിന്ന് ബുദ്ധിമുട്ടുണ്ടാകരുതെന്നും സംഭവത്തിന് ദൃക്‌സാക്ഷിയല്ലെങ്കിൽ കേസിൽ വിസ്തരിക്കാനുള്ള സാക്ഷി പട്ടികയിൽ ഉൾപ്പെടുത്തരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക സാഹചര്യത്തിൽ സാക്ഷിയാകേണ്ടി വന്നാൽ അത് പ്രോസിക്യൂട്ടറുടേയോ ജില്ലാ പോലീസ് മേധാവിയുടേയോ അഭിപ്രായമാരാഞ്ഞതിനുശേഷം മാത്രമേ ആകാവൂ എന്ന സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന പോലിസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി SOFT (Save Our Fellow Traveller) എന്ന സന്നദ്ധ സേവകരുടെ കൂട്ടായ്മ രൂപവത്ക്കരിച്ചുവരികയാണ്. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ജീവൻരക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്ക് സംരക്ഷണം നൽകാനും

അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) വില്ലേജ് വിഭജനം

ശ്രീ. അബ്ദുൽ ഹമീദ് പി: മലപ്പുറം ജില്ലയിൽ മുന്നിയൂർ, പള്ളിക്കൽ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രസ്തുത വിഷയം സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം സർക്കാരിന്റെ പരിഗണനയിലില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) ശുദ്ധജല വിതരണ പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പാവറട്ടി -മുല്ലശ്ശേരി പദ്ധതിക്ക് ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി 2015-16 -ൽ

അംഗീകാരം ലഭിച്ചിരുന്നു. മൂന്ന് പാക്കേജുകളിലായി നടപ്പാക്കുന്നതിന് ടെണ്ടർ വിളിച്ചെങ്കിലും കേന്ദ്ര ഫണ്ടിലുണ്ടായ ഗണ്യമായ കുറവുമൂലം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ല. ഒന്നാമത്തെ പാക്കേജ് ബഡ്ജറ്റ് റീ അലോക്കേഷനിലൂടെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 5.61 കോടി രൂപ അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് പാക്കേജുകൾക്ക് ഏത് രൂപത്തിൽ ഫണ്ട് കണ്ടെത്താമെന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

(5) കോന്നി ഡിസ്ട്രിബ്യൂഷൻ കനാൽ

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ, അരുവാപ്പുലം, പ്രമാടം, കോന്നി തുടങ്ങിയ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി കെ.ഐ.പി. കനാലിലെ ഡിസ്ട്രിബ്യൂട്ടറി കനാലുകൾ വൃത്തിയാക്കി ജലവിതരണം സുഗമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കോന്നി ഡിസ്ട്രിബ്യൂട്ടറിയിൽക്കൂടിയുള്ള ജലവിതരണത്തിനായി കനാൽ മെയിന്റനൻസ് നടന്നുവരികയാണ്. കലഞ്ഞൂർ, അരുവാപ്പുലം, പ്രമാടം, കോന്നി പ്രദേശങ്ങളിൽ ജലം ലഭിക്കുന്ന രീതിയിൽ ഫെബ്രുവരി 10-ാം തീയതിയോടുകൂടി ജലവിതരണം നടത്താൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### (6) കടൽ ഭിത്തി നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): നാട്ടിക നിയോജകമണ്ഡലത്തിലെ ചിലങ്ക ബീച്ച് മുതൽ തമ്പാൻ കടവ് വരെയുള്ള 1800 മീറ്റർ ഭാഗം ഉൾപ്പെടുന്ന ചേറ്റുവ അഴിമുഖത്തെ പുലിമുട്ട് മുതൽ സ്നേഹതീരം ബീച്ച് വരെയുള്ള 8 കി.മീറ്റർ പ്രദേശത്തെ കടൽഭിത്തി, പുലിമുട്ട് നിർമ്മാണത്തിനായി പൂനെ, സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ മാതൃകാപഠനം നടത്തി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

### (7) കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല മേജർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2002-03-ൽ അനുമതി ലഭിച്ച 18.33 കോടി രൂപയുടെ മണിമല മേജർ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട

ശുദ്ധീകരണശാല, കിണറുകൾ, ജലസംഭരണികൾ, പമ്പിംഗ് ലൈനുകൾ എന്നീ ഘടകങ്ങളെല്ലാം ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിച്ചുവെങ്കിലും കാലാകാലങ്ങളിലുണ്ടായ നിരക്ക് വർദ്ധനവും ടെണ്ടറുകൾ നിജപ്പെടുത്തിയപ്പോഴുണ്ടായ അധിക തുകയും കാരണം ആദ്യം അനുവദിച്ച തുക എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാൻ തികയാതെ വന്നു. പദ്ധതിയുടെ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരികയാണ്. 60 ശതമാനം പൂർത്തീകരിച്ച രണ്ട് ഘടകങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപ്പുവർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനി ടെണ്ടർ ചെയ്യാനുള്ള മൂന്ന് പ്രവൃത്തികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(8) സി.എച്ച്.സി.യുടെ പ്രവർത്തനം

ശ്രീ. കെ. കുഞ്ഞിരാമൻ: ഉദുമ നിയോജകമണ്ഡലത്തിലെ മലയോരമേഖലയിൽ സ്ഥിതിചെയ്യുന്ന ബേഡഡുക്ക സി.എച്ച്.സി.യിൽ ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): നിലവിൽ 24 കിടക്കകളുള്ള കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക

സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി. മുന്നൂറും ഐ.പി. പതിനഞ്ചുമാണ്. പത്ത് കിടക്കളോടുകൂടിയ മെയിൽ/ഫീമെയിൽ വാർഡും ആവശ്യമായ ഓഫീസ് കെട്ടിടവും ഐ.പി./ഒ.പി., കോൺഫറൻസ് ഹാൾ, ക്വാർട്ടേഴ്സ് അടക്കം പത്ത് കെട്ടിടങ്ങൾ ഈ കേന്ദ്രത്തിലുണ്ട്. കൂടാതെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ സേവനവും ലഭ്യമാണ്. എൻഡോസൾഫാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ഓപ്പറേഷൻ തിയേറ്റർ, കാഷ്വാലിറ്റി, പ്രസവ വാർഡ്, ലാബ്, ഫാർമസി, ഐ.പി. കെട്ടിടം എന്നിവയ്ക്കായി 2.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ ആശുപത്രിയിൽ പൂർത്തീകരിച്ചുവരികയാണ്. സർക്കാർ നടപ്പിലാക്കിവരുന്ന 'ആർദ്രം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ കരട് പട്ടികയിൽ ബേഡഡുക്ക സാമൂഹികാരോഗ്യകേന്ദ്രത്തെ ഉൾപ്പെടുത്തി പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) <u>ഭിക്ഷാടന നിരോധനം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> ബാലഭിക്ഷാടനമടക്കമുള്ള ഭിക്ഷാടന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി മറ്റ് സംസ്ഥാനങ്ങളിലും നിരോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ വികസന വകുപ്പിന്റെയും നേതൃത്വത്തിൽ ബാലനിരോധന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാലവേലയ്ക്ക് വിധേയമാകുന്ന കുട്ടികളെ മോചിപ്പിക്കുന്നതിനും ബാലവേല, ബാലഭിക്ഷാടനം എന്നിവ പൂർണ്ണമായി നിരോധിക്കുന്നതിനുമായി പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് 'ശരണബാല്യം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാനങ്ങളിലെ പന്ത്രണ്ട് കുട്ടികളെ മോചിപ്പിക്കാൻ സാധിച്ചു. വൃത്തിഹീനമായ സാഹചര്യത്തിലാണ് ബാലഭിക്ഷാടനം നടത്തുന്ന കുട്ടികളെ അധിവസിപ്പിച്ചിരുന്നത്. 2017 ജനുവരി 1-ന് സംസ്ഥാന വ്യാപകമായി 'ശരണബാല്യം' പദ്ധതി പ്രഖ്യാപിക്കുകയും ഈ വർഷം കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിൽക്കൂടി പ്രസ്തുത പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ വികസന വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആറ് പേരടങ്ങുന്ന ഒരു റെസ്ക്യൂ ഫോഴ്സിനെ എല്ലാ ജില്ലകളിലും നിയോഗിച്ചതിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 29 കുട്ടികളടക്കം 41 കുട്ടികളെ രണ്ട് വർഷക്കാലത്തിനിടയിൽ മോചിപ്പിക്കാൻ സാധിച്ചു. ഇതിനായി ഒരു പ്രത്യേക ടോൾ നമ്പരും നൽകിയിട്ടുണ്ട്. രക്ഷിതാക്കളോടൊപ്പം അയയ്ക്കാൻ സാധിക്കാത്ത ഇതര സംസ്ഥാന കുട്ടികളെ

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള റെസ്ക്യൂ ഹോമുകളിലും ആലപ്പുഴ, പത്തനംതിട്ട സ്വദേശികളായ മൂന്ന് പെൺകുട്ടികളെയും മൂന്ന് ആൺകുട്ടികളെയും ചൈൽഡ് റെസ്ക്യൂ ഹോമിലും അധിവസിപ്പിച്ച് വിദ്യാഭ്യാസം നൽകി വരുന്നുണ്ട്. ഭിക്ഷാടനം നടത്തുന്ന കുട്ടികളുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനും ഭിക്ഷാടന സംഘത്തോടൊപ്പം കാണുന്ന കുട്ടികളുടെ ശാരീരിക മുറിവുകൾ കൃത്രിമമായി സൃഷ്ടിച്ചതാണെന്ന് തെളിയുന്ന പക്ഷം സ്വീകരിക്കേണ്ട കർശന നടപടികളെ സംബന്ധിച്ചും ലൈംഗിക ചൂഷണം, അനാരോഗ്യകരമായ സാഹചര്യത്തിൽ കുട്ടികളെ പാർപ്പിക്കൽ എന്നിവയ്ക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിശദീകരിക്കുന്ന യാചക നിരോധന ബിൽ കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. ബാലവേലയും ബാലഭിക്ഷാടനവും പൂർണ്ണമായും തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

## (10) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. എം. വിൻസെന്റ്: കാഞ്ഞിരംകുളം കെ.എൻ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടറും കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും കോളേജിന്റെ അഫിലിയേഷൻ നിലനിർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

<u>വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: 1982-ൽ പ്രവർത്തനമാരംഭിച്ച കാഞ്ഞിരംകുളം കെ.എൻ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് 1.65 ഏക്കർ സ്ഥലം മാത്രമാണുള്ളത്. സ്ഥലപരിമിതി കോളേജിന്റെ വികസനത്തെയും നിലനിൽപ്പിനെയും ബാധിക്കുന്ന സാഹചര്യത്തിൽ നാല് വ്യക്തികളുടെ സ്ഥലം കോളേജുതല ലാന്റ് പർച്ചേസ് കമ്മിറ്റി സന്ദർശിക്കുകയും സ്ഥലം വിട്ടുനൽകാൻ ഭൂഉടമകൾ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തിന്റെ ഫെയർ വാല്യൂ എത്രയാണെന്നും വിലയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുക മാർക്കറ്റ് റേറ്റുമായി ചേരുന്നതാണോയെന്നും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## IV ധനകാര്യം

### <u>2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജി.എസ്.ടി., നോട്ട് നിരോധനം, ഓഖി ദുരന്തം, വിലവർദ്ധന തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴും കേരളത്തിന്റെ ധനകമ്മി 4.3 ശതമാനത്തിൽ നിന്നും 3.3 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ സാധിച്ചതും 2018-19 ഓടുകൂടി ധനകമ്മി

അനുവദനീയമായ നിരക്കിലെത്തിക്കുമെന്ന ധനകാര്യവകുപ്പമന്ത്രിയുടെ പ്രഖ്യാപനവും പ്രശംസനീയമാണ്. കേരളത്തിന്റെ റവന്യൂ കമ്മി 1.6 ശതമാനത്തിലെത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തീരദേശത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യ മാക്കുന്നതിനായി 2000 കോടി രൂപയുടെ പാക്കേജിന് അനുമതി നൽകുകയും തീരദേശ വികസന പാക്കേജിന്റെ വിശദ പദ്ധതിരേഖ ആഗോള അംഗീകാരമുള്ള ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുകയും ചെയ്തു. സ്ത്രീ സുരക്ഷയ്ക്കും സമഗ്ര പുരോഗതിക്കുമായി പദ്ധതി അടങ്കലിന്റെ 15 ശതമാനം മാറ്റിവയ്ക്കുകയും സ്ത്രീ പക്ഷ സ്കീമുകളുടെ അടങ്കൽ തുക 1267 കോടി രൂപയായി ഉയർത്തുകയും സ്ത്രീകൾ ഗുണഭോക്താക്കളായി വരുന്ന സ്കീമുകൾക്കായി 1960 കോടി രൂപ വകയിരുത്തുകയും ചെയ്ത സർക്കാർ നിലപാട് അഭിനന്ദനാർഹമാണ്. ഷീ ലോഡ്ജുകൾ, റെസ്റ്റ് റൂമുകൾ, സ്റ്റുഡിയോ അപ്പാർട്ടുമെന്റുകൾ, കഫേ എന്നിവയ്ക്ക് പിങ്ക് നിറം നൽകാനും അവിവാഹിതരായ അമ്മമാർക്കുള്ള പ്രതിമാസ സഹായം 2000 രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. നെൽ- പച്ചക്കറി കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിലനിർത്താനും പുതിയ കർഷകരെ നെൽകൃഷി മേഖലയിലേയ്ക്ക് ആകർഷിക്കാനും ആർ.കെ.വി.വൈ. പദ്ധതിയിലൂടെ നൽകിക്കൊണ്ടിരിക്കുന്ന

ആനുകൂല്യം 6000 രൂപയായി നിലനിർത്തുന്നതിനും നെൽവയലുകൾക്ക് റോയൽറ്റിയെന്ന ആശയം ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക വ്യവസായത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചതിലൂടെ കാർഷിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാൻ സാധിച്ചു. മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക വർദ്ധിപ്പിക്കണം. പരിസ്ഥിതി -വനം വന്യജീവി സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം ഹരിതകേരളം മിഷനിലൂടെ സുസ്ഥിര നഗരവികസനവും ബഡ്ജറ്റിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസഹായത്തോടെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനും ക്ഷീരകർഷകരുടെ സമഗ്ര പുരോഗതിക്കായി രൂപീകരിച്ച മിൽമ അടിയന്തരമായി പുനസംഘടിപ്പിക്കുന്നതിനും തയ്യാറാകണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ യാതൊരു കുറവും വരുത്താത്തതും വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുകയും അന്യ സംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

നൽകിവരുന്ന ആനുകൂല്യങ്ങൾ സാങ്കേതികേതര കോഴ്സുകൾക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെയുള്ള മുസിരീസ്-ആലപ്പുഴ പൈതൃക പദ്ധതികളിൽ അഞ്ചുതെങ്ങിനെ ഉൾപ്പെടുത്തുന്നതോടൊപ്പം ടൂറിസം മേഖലയുടെ സമഗ്ര വികസനം കണക്കിലെടുത്ത് കഠിനംകുളം, മുതലപ്പൊഴി പ്രദേശങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ടൂറിസം പ്രോജക്ട്, തോന്നയ്ക്കൽ ആശാൻ സ്മാരകത്തെ തുഞ്ചൻ പറമ്പ് മാതൃകയിൽ നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ട്, പ്രേംനസീർ സ്മാരക കേന്ദ്രം സ്ഥാപിക്കുന്നതിന് ഫിലിം ഡെവലെപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് എന്നിവയ്ക്ക് അനുമതി ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം. തൊണ്ട് സംഭരണ മേഖലയിൽ സ്വയം തൊഴിൽ സംരംഭകർക്കും വ്യക്തികൾക്കും അവസരവും അവർക്കാവശ്യമായ സഹായവും നൽകുന്നതിനും ചിറയിൻകീഴ് പ്രദേശങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ നാളികേര-തൊണ്ട് സംഭരണത്തിനും പ്രോസസ്സിംഗിനും വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. കയർ-കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താനും പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെയും കൈത്തറി തൊഴിലാളികളെയും സംരക്ഷിക്കാനും സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്.

കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണി കണ്ടെത്താനുമുള്ള പദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എയിഡഡ് സ്കൂളുകളിലും കോളേജുകളിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. സി. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യ ബോധമില്ലാത്തതും സത്യസന്ധമല്ലാത്തതും സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളുമില്ലാത്ത ബഡ്ജറ്റാണിത്. കിഫ്ബിയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ഉദാസീനമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഗ്ലോബൽ ഏജൻസിയെ നിയമിക്കുമെന്ന തീരുമാനം പുനപ്പരിശോധിക്കുകയും പാക്കേജിന്റെ പകുതി തുകയെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. റബ്ബർ കർഷകരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും വില സ്ഥിരതാ ഫണ്ട് പുനഃസ്ഥാപിക്കുന്നതിനും സംഭരണ വില 200 രൂപയാക്കുന്നതിനും നടപടി സ്വീകരിക്കണം. സാമൂഹ്യസുരക്ഷാ പദ്ധതിയിൽ പുതിയ നിബന്ധനകൾ ഏർപ്പെടുത്തുന്നത് എടുത്തുകളയുകയും ഭൂമിയുടെ ന്യായവില 10 ശതമാനം

വർദ്ധിപ്പിക്കാൻ തീരുമാനിച്ച നടപടി പുനപ്പരിശോധിക്കുകയും വേണം. ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി എന്നിവയ്ക്ക് നികുതി വർദ്ധിപ്പിച്ചതും അടയ്ക്കാ കർഷകർക്ക് ഏർപ്പെടുത്തിയ നികുതിയും പിൻവലിക്കണം. സ്പെഷ്യൽ സ്കൂളുകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് അദ്ധ്യാപക-അനദ്ധ്യാപകരുടെ ശമ്പളം നൽകുന്നതിനും കാരുണ്യ ചികിത്സാ പദ്ധതി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ക്ഷേമം എന്നീ മേഖലകളിൽ അർഹമായ പ്രാതിനിധ്യമുറപ്പാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഓഖി ദുരിതബാധിതരുടെ പുനരധിവാസത്തിനായി 2000 കോടി രൂപയുടെ പാക്കേജ് അനുവദിച്ചത് ശ്ലാഘനീയമാണ്. കിഫ്ബി രാജ്യത്തിനാകെ മാതൃകയാണ്. ഓഖി ദുരന്തത്തിലകപ്പെട്ടവരെ രക്ഷപ്പെടുത്താനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളെ പരിഹസിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ലജ്ജാകരമാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ധനകമ്മിയും റവന്യൂ കമ്മിയും കുറഞ്ഞുകൊണ്ടിരിക്കുകയും സംസ്ഥാനത്തിന്റെ ചെലവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. കിഫ്ബിയിലൂടെ അടിസ്ഥാന സൗകര്യ

വികസനം കൈവരിക്കാമെന്ന വ്യാമോഹം പുന:പരിശോധിക്കണം. ഭൂമിയുടെ ന്യായവില പത്ത് ശതമാനം വർദ്ധിപ്പിച്ച പഴയ നികുതി പുനസ്ഥാപിക്കുകയാണുണ്ടായത്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ ഫീസ് പിൻവലിക്കണം. ലോക കേരള സഭയുമായി ബന്ധപ്പെട്ട് പദ്ധതികൾ പ്രഖ്യാപിക്കാത്തത് നിരാശാജനകമാണ്. പ്രവാസി ചിട്ടി, പ്രവാസികളുടെ പുനരധിവാസം, തൊഴിലില്ലായ്മ, വിലക്കയറ്റം, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, കാരുണ്യ ചികിത്സാ പദ്ധതിക്കുള്ള ധനസഹായം, മാലിന്യ സംസ്കരണം തുടങ്ങി ജനോപകാരപ്രദമായ പദ്ധതികളെ സംബന്ധിച്ച് ബഡ്ജറ്റിൽ യാതൊരു നിർദ്ദേശങ്ങളുമില്ല. ചില ജില്ലകളെയും മണ്ഡലങ്ങളെയും ബഡ്ജറ്റിൽ പാടെ അവഗണിച്ചതായി കാണുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കും ഘട്ടംഘട്ടമായി ഭരണാനുമതി നൽകണം. കേരളത്തിലെ അടയ്ക്കാ വ്യാപാര മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഓഖി ദുരന്തത്തിൽപ്പെട്ട തീരദേശവാസികൾക്ക് 2000 കോടി രൂപയുടെ സമഗ്ര വികസന പാക്കേജ് പ്രഖ്യാപിച്ചതും തീരദേശങ്ങളിൽ സൗജന്യ വൈ-ഫൈ കണക്ഷൻ അനുവദിച്ചതും സ്വാഗതാർഹമാണ്. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്ന സ്ത്രീപക്ഷ

ബഡ്ജറ്റാണിത്. ലിംഗസമത്വം ഉറപ്പുവരുത്തുകയും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 10 കോടി രൂപ വകയിരുത്തുകയും ചെയ്ത നടപടി ശ്രദ്ധേയമാണ്. ഭക്ഷ്യ സബ്സിഡിക്കായി 954 കോടി രൂപയും ഭക്ഷ്യ സുരക്ഷയ്ക്കായി 34 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. റേഷൻകടകളെയും സപ്ലൈകോയെയും നവീകരിച്ചതും വിശപ്പുരഹിത കേരളം പദ്ധതി ആവിഷ്കരിച്ചതും പ്രശംസനീയമാണ്. സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കുന്നതിനും എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി വിഭാഗവും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ്, ട്രോമാകെയർ യൂണിറ്റുകളും ആരംഭിക്കുന്നതിനും ബഡ്ജറ്റ് വിഭാവന ചെയ്യുന്നുണ്ട്. മരുന്ന് നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് 20 കോടി രൂപയും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് 2,851 കോടി രൂപയും ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് പ്രത്യേക വിഹിതവും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ഭിക്ഷാടനം നിയമംമൂലം നിരോധിക്കുന്നതിനും വിശപ്പുരഹിത പദ്ധതി കേരളം മുഴുവൻ പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ എസ്.സി./എസ്.ടി. കോർപ്പറേഷനിൽ നിന്നെടുത്ത ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളാനുള്ള തീരുമാനം സമയബന്ധിതമായി നടപ്പാക്കണം.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനവീട് തയ്യാറാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ദാസൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നിലവിലുള്ള ക്ഷേമപദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും പുതിയ ക്ഷേമപദ്ധതികളിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാവിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് സമഗ്ര പാക്കേജ് ആവിഷ്കരിക്കുകയും മരണമടഞ്ഞവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹിക ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കാനുതകുന്ന തരത്തിലാണ് സർക്കാരിന്റെ പ്രവർത്തനം. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീസുരക്ഷയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുകയും അവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. തീരദേശമേഖലയുടെ പുനർ നിർമ്മാണത്തിനായി 7340 കോടി രൂപ മാറ്റിവച്ച ഇടതുപക്ഷ സർക്കാരിന്റെ നടപടി ശ്രദ്ധേയമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക മാർച്ച് 31-നകം കൊടുത്തുതീർക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ കേന്ദ്ര സർക്കാർ

തയ്യാറാകണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ടെക്നോപാർക്ക് മോഡലിൽ സംസ്ഥാനത്തുടനീളം സെന്ററുകൾ ആരംഭിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിക്കുമെന്ന മുൻ ബഡ്ജറ്റ് പ്രഖ്യാപനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. നാണ്യവിളകൾ ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് ഉല്പാദനച്ചെലവിന്റെ നിശ്ചിത ശതമാനം താങ്ങുവില നിശ്ചയിച്ച് സംഭരണം നടത്തുന്നതിനും റബ്ബർ വില സ്ഥിരതാ ഫണ്ടിൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം. ഭൂനികുതിക്കും ഭൂമിയുടെ ന്യായവിലയ്ക്കും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരത്തിനും ഏർപ്പെടുത്തിയ വർദ്ധന പിൻവലിക്കണം. ക്ഷേമപെൻഷൻ ലഭിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണം. എല്ലാ മേഖലയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്ക് ഭക്ഷണവും പാർപ്പിടവും പദ്ധതി, ട്രാൻസ്ജെൻഡറുകൾക്കും തീരദേശ മേഖലയ്ക്കും പ്രത്യേക പരിഗണന, സ്ത്രീസുരക്ഷ, വിദ്യാഭ്യാസ-ആരോഗ്യ മേഖലയ്ക്ക് നൽകിയ പ്രാധാന്യം, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വിവിധ പദ്ധതികൾ തുടങ്ങിയ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. പാഴായിപ്പോകുന്ന ശുദ്ധജലം

ഉപയോഗ യോഗ്യമാക്കുന്നതിന് പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കാനും കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖലയിലുണ്ടാകുന്ന നഷ്ടം നികത്താനും കടക്കെണിയിലായ കർഷകരെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ഉൾപ്പെടെ സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര ഫണ്ടുകൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം. ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി കർഷകർക്ക് ലഭ്യമാക്കുമെന്ന കേന്ദ്ര പ്രഖ്യാപനം സംസ്ഥാനത്തെ ഏതെല്ലാം വിളകൾക്ക് ബാധകമാക്കുമെന്നത് സംബന്ധിച്ച് പരിശോധിക്കണം.

<u>ശ്രീ. ഒ. ആർ. കേളു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നടപടികളിൽ നട്ടംതിരിയുന്ന ജനങ്ങൾക്ക് മുന്നിൽ വികസനത്തിന്റെ മറ്റൊരു കേരള മോഡലാണ് ബഡ്ജറ്റിന്റെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. തീരദേശ മേഖലയ്ക്ക് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും സ്ത്രീകൾക്കായുള്ള സ്കീമുകളുടെ അടങ്കൽ തുക വർദ്ധിപ്പിച്ചതും കുടുംബശ്രീക്ക് 200 കോടി രൂപ വകയിരുത്തിയതും ശ്ലാഘനീയമാണ്. ആദിവാസികളുൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങളുടെ ഉയർച്ചയ്ക്ക് പ്രത്യേക ഊന്നൽ നൽകിയ സർക്കാർ നടപടി പ്രശംസനീയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി തുക വകയിരുത്തിയത് ഈ

വിഭാഗത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. വയനാട് പാക്കേജ് പ്രഖ്യാപിച്ച നടപടി സ്വാഗതാർഹമാണ്. ട്രാൻസ്ജെൻഡർ നയം പാസ്സാക്കിയതും ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കും പരിചരണത്തിനുമായുള്ള സ്കീമുകൾക്ക് തുക വകയിരുത്തിയതും ശ്രദ്ധേയമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: പെൻഡിംഗ് അസസ്സ്മെന്റുകൾ തീർപ്പാക്കാൻ സമയം നൽകിയതിനെക്കുറിച്ച് പരിശോധിക്കണം. നാണ്യവിളകൾ ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് ഉല്പാദനച്ചെലവിന്റെ നിശ്ചിത ശതമാനം താങ്ങുവില ഏർപ്പെടുത്തി സംഭരിക്കുന്നതിന് നടപടി സ്വീകരിക്കണം. 2015-ൽ ഉണ്ടായിരുന്ന ഭൂനികുതി നിരക്ക് പുനഃസ്ഥാപിക്കാനുള്ള തീരുമാനം പിൻവലിക്കുകയും കർഷക വിരുദ്ധ നിലപാട് അവസാനിപ്പിക്കുകയും ചെയ്യണം.

<u>ശ്രീ. എം. മുകേഷ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രത്യാശയും പ്രതീക്ഷയും നിറഞ്ഞ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചതും കടൽത്തീരത്തിന്റെ 50 മീറ്റർ പരിധിയിലുള്ള മുഴുവൻ കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കുന്നതിന് 150 കോടി രൂപ വകയിരുത്തിയതും അഭിനന്ദനാർഹമാണ്. കശുവണ്ടി മേഖലയ്ക്ക് 55 കോടി രൂപ അധികമായി വകയിരുത്തിയത് ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും

ശക്തിപ്പെടുത്തുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ നവീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കൊല്ലം നിയോജകമണ്ഡലത്തിലെ പനയം പഞ്ചായത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനും കൊല്ലം വലിയങ്ങാടി പൈതൃക ടൂറിസം പദ്ധതി പ്രഖ്യാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. എ.കെ.ജി. സ്മാരകത്തിന് 10 കോടി രൂപ വകയിരുത്തിയതും ഒ.എൻ.വി. സാംസ്കാരിക സമുച്ചയത്തിന് 5 കോടി രൂപ അനുവദിച്ചതും ശ്ലാഘനീയമാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഓഖി ദുരിതബാധിതർക്ക് കെടുതികൾ അതിജീവിക്കാൻ മുൻഗണന നൽകിയ നടപടി സ്വാഗതാർഹമാണ്. തീരദേശത്തിന് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തതും അഭിനന്ദനാർഹമാണ്. വിശപ്പുരഹിത കേരളം പദ്ധതി, എല്ലാവർക്കും വീട്, സമഗ്ര ആരോഗ്യ സുരക്ഷ, മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഈ സർക്കാരിന്റെ മുഖമുദ്രയാണ്. എ.കെ.ജി. സ്മാരക നിർമ്മാണത്തിനായി 10 കോടി രൂപ വകയിരുത്തിയത് ചരിത്രപ്രാധാന്യമർഹിക്കുന്നു. വാറ്റ് രജിസ്ട്രേഷൻ എടുക്കാതെ അസസ്സ്മെന്റുകൾ ലഭിച്ചിട്ടുള്ളതും നടപടികൾ നേരിടുന്നതുമായ വ്യാപാരികൾക്ക് ആംനെസ്റ്റി പ്രഖ്യാപിച്ചത് സ്വാഗതം ചെയ്യുന്നതോടൊപ്പം പിഴ പൂർണ്ണമായും

ഒഴിവാക്കി കൊടുക്കുകയും ചെയ്യണം. അടയ്ക്കാ വ്യാപാരികൾ സി ഫോറം സമർപ്പിക്കുന്നതിലുണ്ടാകുന്ന അപാകതമൂലം അടയ്ക്കേണ്ടിവരുന്ന അധിക നികുതി ഒഴിവാക്കണം. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കിയ സർക്കാരിന്റെ ഇച്ഛാശക്തിയെ അഭിനന്ദിക്കുന്നു. 'ഈസ് ഓഫ് ഡൂയിങ് ബിസിനസുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടപ്പിലാക്കേണ്ടതാണ്. പൂട്ടികിടക്കുന്ന ഓട്ടുകമ്പനികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒഴിപ്പിക്കൽ നേരിടുന്ന വ്യാപാരികൾക്ക് സമഗ്ര പാക്കേജ് തയ്യാറാക്കാനും നിയമംമൂലം സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം. കിനാലൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്ററിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ചെറുകിട/വൻകിട വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നതിൽ നേരിടുന്ന പ്രയാസം പരിഹരിക്കുന്നതോടൊപ്പം അടയ്ക്കുന്ന നികുതിയുടെ ഒരു ചെറിയ ശതമാനം വ്യാപാരികൾക്ക് തിരിച്ചുനൽകാനും തയ്യാറാകണം.

<u>ശ്രീ. വി. ടി. ബൽറാം</u>: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജറ്റാണിത്. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഭൂനികുതി ഗണ്യമായി വർദ്ധിപ്പിച്ചതും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന്

നികുതി ഏർപ്പെടുത്തിയതും വലിയ തോതിലുള്ള നികുതി ഭാരമാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. 20 ലക്ഷം ചെറുപ്പക്കാർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം ഇതുവരെ നടപ്പായിട്ടില്ല. ഈ വർഷം നെല്ല് സംഭരണത്തിനുള്ള തുകയും താങ്ങുവിലയും വർദ്ധിപ്പിക്കണം. അപേക്ഷ സമർപ്പിച്ചിട്ടും പെൻഷൻ ലഭിക്കാത്ത അർഹതപ്പെട്ടവർക്ക് കുടിശ്ശിക നൽകുന്ന കാര്യത്തിൽ വ്യക്തത വരുത്തണം. അടയ്ക്കാ വ്യാപാരികൾ സി ഫോറം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടാകുന്ന അപാകതമൂലം അടയ്ക്കേണ്ടി വരുന്ന അധിക നികുതി പുനഃപരിശോധിക്കണം. ദളിത് മേഖലയിലുണ്ടാകുന്ന അക്രമങ്ങൾ ചെറുക്കുന്നതിനുള്ള ഇടപെടലുണ്ടാകണം.

ശ്രീ. കെ. രാജൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നോട്ട് നിരോധനവും മുന്നൊരുക്കമില്ലാത്ത ചരക്കുസേവന നികുതി നടപ്പാക്കലും ഓഖി ദുരന്തവും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തളർത്തിയ പശ്ചാത്തലത്തിൽ തികച്ചും ദിശാബോധമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാൻ കഴിഞ്ഞത് നേട്ടമാണ്. കേരള ബാങ്ക്, കിഫ്ബി, പ്രവാസി ചിട്ടി, ലോക കേരളസഭ തുടങ്ങിയവയിലൂടെ ലോകമെങ്ങുമുള്ള മലയാളിയുടെ സമ്പത്ത് നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താനാണ് സർക്കാർ

ശ്രമിക്കുന്നത്. എല്ലാവർക്കും വീടും മെച്ചപ്പെട്ട വിദ്യാഭ്യാസവും സൗജന്യ ചികിത്സയും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ കാഴ്ചപ്പാട്. യു.ഡി.എഫ്. സർക്കാർ കുടിശ്ശികയാക്കിയ സാമൂഹിക ക്ഷേമപെൻഷനുകൾ കുടിശ്ശിക തീർത്തും വർദ്ധിപ്പിച്ചും വീട്ടിലെത്തിച്ചു കൊടുത്തത് എൽ.ഡി.എഫ്. സർക്കാരാണ്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങളുണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചു. പുത്തൂരിലെ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കണം.

ശ്രീ. കെ. ബാബു: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര നയങ്ങൾമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവന്നെങ്കിലും ക്ഷേമപദ്ധതികൾ വെട്ടിച്ചുരുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ലൈഫ് മിഷനും വനിതാക്ഷേമത്തിനും കൂടുതൽ തുക നീക്കിവയ്ക്കുന്നതിനും എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ഭിന്നശേഷിക്കാർക്കും ട്രാൻസ്ജെൻഡേഴ്സിനും പ്രത്യേക പരിഗണന നൽകുന്നതിനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. ആരോഗ്യരംഗത്ത് പുത്തനുണർവ് നൽകുന്നതിനും അന്യസംസ്ഥാനത്തൊഴിലാളികളെ അതിഥി തൊഴിലാളികളായി അംഗീകരിക്കുന്നതിനും റേഷൻ വിതരണം ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എടുത്തുപറയേണ്ടതാണ്. ഓഖി ദുരിതബാധിതർക്ക് സഹായം നൽകാനും തീരദേശ മേഖലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കാനും

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ നൽകാനുമുള്ള നടപടികൾ ശ്ലാഘനീയമാണ്. ക്ഷേത്രങ്ങളിൽ പൂജ ചെയ്യുന്നതിന് ദളിതർക്ക് അനുമതി നൽകുകയും ദളിത് വിഭാഗങ്ങൾക്കായി കൂടുതൽ പദ്ധതി വിഹിതം നീക്കിവയ്ക്കുന്നതിനുമുള്ള നടപടി പ്രശംസനീയമാണ്. രാഷ്ട്രപിതാവിന്റെ രക്ഷസാക്ഷിത്വം ആചരിക്കുന്നതിനായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾക്ക് സാംസ്കാരിക വകുപ്പ് നേതൃത്വം നൽകിയത് ശ്ലാഘനീയമാണ്. നഷ്ടത്തിലായിരുന്ന 14 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചു. കെ.എസ്.ആർ.ടി.സി.യെ പുതിയ മാനേജ്മെന്റ് സമ്പ്രദായത്തിലൂടെ ലാഭത്തിലാക്കുമെന്നും പെൻഷൻ പാക്കേജ് നൽകുമെന്നും പ്രഖ്യാപിച്ചത് അഭിനന്ദനീയമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചത് അഭിനന്ദനാർഹമാണ്. നെന്മാറ മണ്ഡലത്തിലെ ജലക്ഷാമം തടയാൻ സീതാർകുണ്ട് പദ്ധതി നടപ്പാക്കണമെന്നും മണ്ഡലത്തിൽ സർക്കാർ കോളേജ്, വാദ്യകലാക്ഷേത്രം, ബൈപ്പാസ് റോഡ് എന്നിവ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ബഡ്ജറ്റിനെ എതിർക്കുന്നു. നികുതി വരുമാനം കൂട്ടുന്നതിലും ചെലവ് ചുരുക്കുന്നതിലും ധനകാര്യ അച്ചടക്കം നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ

നികുതി വരുമാനവും നികുതിയേതര വരുമാനവും കുറഞ്ഞതും സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതും സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഉത്തമോദാഹരണമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും കുടിശ്ശിക തീർത്ത് കൊടുക്കുന്നതിനും കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. വിവിധ വകുപ്പുകളിലെ പദ്ധതിച്ചെലവുകളുടെ വിനിയോഗം കാര്യക്ഷമമാക്കണം. ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, ഭവനനിർമ്മാണം, പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലെ പദ്ധതി വിനിയോഗം 50 ശതമാനം മാത്രമാണെന്നത് ഗൗരവത്തോടെ കാണണം. നിയമന നിരോധനത്തിലൂടെ ലക്ഷക്കണക്കിന് തൊഴിലന്വേഷകരെ അവഗണിക്കുന്ന നടപടി അവസാനിപ്പിക്കണം. കഞ്ചിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഓഖി ദുരിതബാധിതർക്ക് യഥാസമയം സഹായം എത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മൂലധന നിക്ഷേപം കണ്ടെത്തുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഇച്ഛാശക്തിയോടെ പ്രവർത്തിക്കണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന ബഡ്ജറ്റാണിത്. നവകേരള സൃഷ്ടിക്കായി 4 മിഷനുകൾ പ്രഖ്യാപിക്കുകയും പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തത് അഭിനന്ദനീയമാണ്.

ഓഖി ദുരന്തനിവാരണത്തിനായി സർക്കാർ ഉണർന്നു പ്രവർത്തിച്ചതും ദുരിതബാധിതർക്ക് 2000 കോടി രൂപയുടെ പാക്കേജ് അനുവദിച്ചതും ശ്ലാഘനീയമാണ്. മത്സ്യബന്ധന യാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്ന സാറ്റലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും കടലിൽ നിന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. തീരദേശത്തിനായി ബഡ്ജറ്റിൽ 2000 കോടി രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണ്. ചെല്ലാനം ഫിഷിംഗ് ഹാർബറിലും പെരുമ്പടപ്പ്-കല്ലഞ്ചേരി-കണ്ണമ്മാലി കായലുകളിലും എക്കൽ അടിഞ്ഞ് മത്സ്യബന്ധനം തടസ്സപ്പെട്ടതിനാൽ പ്രദേശവാസികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തണം. കൊച്ചി ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ആർ.സി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തൽ, കടലാക്രമണം തടയൽ, പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കൽ, മുസിരിസ് ഉൾപ്പെടെയുള്ള പൈതൃക സംരക്ഷണം, സീപോർട്ട് എയർപോർട്ട് നവീകരണം, ഫിഷറീസ് സർവ്വകലാശാല തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. വൻകിട ചെറുകിട വ്യവസായ മേഖലയ്ക്ക് മുൻതൂക്കം നൽകുന്ന ബഡ്ജറ്റാണിത്. പ്രവാസിക്ഷേമത്തിന് കൂടുതൽ തുക വകയിരുത്തിയത് പ്രവാസികളുടെ പുനരധിവാസത്തിനും സ്വയംതൊഴിലിനും സഹായകരമാകും. ലൈഫ് പാർപ്പിട

പദ്ധതിക്കായി 2500 കോടി രൂപ വകയിരുത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. വി അബ്ദുൾ ഖാദർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തീരദേശ മേഖലയ്ക്കായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ നൽകിയതും തീരദേശത്തെ ആശുപത്രികൾക്ക് മുൻഗണന നൽകിയതും പ്രസ്തുത മേഖലയിൽ 250 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ നവീകരണത്തിന് പ്രാധാന്യം നൽകിയതും സ്വാഗതാർഹമാണ്. 900 കോടി രൂപയുടെ പദ്ധതികളാണ് തീരദേശത്തിനായി മാറ്റിവച്ചിട്ടുള്ളത്. സൗദി അറേബ്യയിൽ സ്വദേശിവത്ക്കരണം നടപ്പിലാക്കുന്നതുമൂലം കേരളത്തിലെ പ്രവാസി നിക്ഷേപം വൻതോതിൽ കുറയാൻ സാധ്യതയുണ്ട്. തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി അർഹമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിൽ കൂടുതൽ വരുമാനം കണ്ടെത്തുന്നതിനായി പ്രവാസി ലോട്ടറി സംവിധാനം നടപ്പാക്കണം.

ശ്രീ. അനിൽ അക്കര: ബഡ്ജറ്റിനെ എതിർക്കുന്നു. അനർഹർ കടന്നുകൂടിയിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി സർക്കാർ ക്ഷേമപെൻഷൻ വിതരണം നിർത്തിവച്ചിരിക്കുകയാണ്. രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരെയും 1200 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുള്ളവരെയും ക്ഷേമ പെൻഷനിൽനിന്നും ഒഴിവാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ടേക്കർ ഭൂമി വാങ്ങുന്നതിനായി ലോൺ

കൊടുത്തിട്ടുള്ള സാഹചര്യത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഒഴിവാകുമോയെന്ന് വ്യക്തമാക്കണം. സംസ്ഥാനത്ത് ലൈഫ് പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം.

ശ്രീ. രാജു എബ്രഹാം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ പട്ടികയിലേയ്ക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചതും മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യുടെ നിലവാരത്തിലേയ്ക്കുയർത്താൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് അർഹമായ പ്രാധാന്യം ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. വ്യവസായ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് നടപടി സ്വീകരിച്ചു. കണ്ണൂർ വിമാനത്താവളവും ഗെയിൽ പദ്ധതിയും കമ്മീഷൻ ചെയ്യാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. നഴ്സറി ടീച്ചർമാർ, ആശാ വർക്കർമാർ തുടങ്ങിയവരുടെ ഓണറേറിയവും ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ചതും മദ്രസാ അദ്ധ്യാപകർക്ക്

ക്ഷേമനിധിയും പെൻഷനും നൽകാൻ തീരുമാനിച്ചതും അഭിനന്ദനാർഹമാണ്. ലൈഫ് മിഷൻ വഴി ഭവനരഹിതർക്ക് അർഹമായ പരിഗണന നൽകാൻ നടപടി സ്വീകരിച്ചു. ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് തീരദേശ മേഖലയിൽ 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. പുതുതായി 200 പഞ്ചായത്തുകളിൽ കൂടി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനും സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന 290 സ്പെഷ്യൽ സ്കൂളുകളുടെ ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കുള്ള അലവൻസും വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും ബഡ്ജറ്റിൽ പ്രത്യേക പരിഗണനയും നൽകിയിട്ടുണ്ട്. മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി 42 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. റബ്ബറിന്റെ ഉത്തേജക പാക്കേജുമായി ബന്ധപ്പെട്ട സംശയം ദൂരികരിക്കുന്നതിനും ശബരിമല അനുബന്ധ പാതകൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഭ ഉച്ചയ്ക്കുശേഷം 3.06 ന് പിരിഞ്ഞു.